"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തെ ഭവന പദ്ധതി (ജനറൽ) പ്രകാരം ആനുകൂല്യം ലഭിച്ച് ഭവനം നിർമ്മിച്ച സ്ഥലത്തിൽ നിന്ന് അധിക സ്ഥലം ഭാഗികമായി കൈമാറ്റം ചെയ്യുന്നതിന് ശ്രീ. പി.ബി മുഹമ്മദ് ബഷീറിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.154/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 ശ്രീ. ഇ.ടി ടൈസൺ മാസ്റ്റർ, എം.എൽ.എ മുഖേന ശ്രീ. മുഹമ്മദ് ബഷീർ സമർപ്പിച്ച അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 21/10/2020-ലെ PAN/14581/2019-J2(DP) നമ്പർ കത്ത്.

3 എറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/12/2020-ലെ എ5.4302/2019 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തെ ഭവന പദ്ധതി (ജനറൽ) പ്രകാരം ആനുകൂല്യം ലഭിച്ച് ഭവനം നിർമ്മിച്ച സ്ഥലത്തിൽ നിന്ന് അധിക സ്ഥലം ഭാഗികമായി കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. പി.ബി മുഹമ്മദ് ബഷീർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി. റംലത്ത് W/o. മുഹമ്മദ് ബഷീർ, പുത്തൻകാട്ടിൽ എന്നയാൾക്ക് തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിൽ നിന്നും 2015-16 വർഷത്തെ ഭവന പദ്ധതി ജനറൽ പ്രകാരം 2,00,000 (രണ്ട് ലക്ഷം രൂപ) അനുവദിച്ചിരുന്നു. എറിയാട് വില്ലേജിലെ സർവ്വേ നമ്പർ 752/1-ൽപ്പെടുന്ന ടിയാരിയുടെ ഭർത്താവ് ശ്രീ. മുഹമ്മദ് ബഷീർ പുത്തൻകാട്ടിലിന്റെ ഉടമസ്ഥതയിലുള്ള 12 സെന്റ് സ്ഥലത്തിലാണ് മേൽ പദ്ധതി പ്രകാരം വീട് നിർമ്മിച്ചത് . ടി 12 സെന്റ് സ്ഥലത്തിൽ നിന്നും 3.6 സെന്റ് സ്ഥലം വിൽക്കുന്നതിനുള്ള സർക്കാർ അനുമതിക്കായാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. ശ്രീ. മുഹമ്മദ് ബഷീർ അസുഖ ബാധിതനായതിനെത്തുടർന്ന് ടിയാന്റെ ചികിത്സക്കായി വായ്പയെടുത്ത 4,46,594/- രൂപ ബാങ്കിൽ തിരിച്ചടക്കാൻ നിലവിൽ

സാധിക്കാത്ത സാഹചര്യമാണെന്നും, ഈ സാഹചര്യത്തിൽ ടിയാന്റെ നിലവിലെ അവസ്ഥ പരിഗണിച്ച് ടി കുടുംബത്തിന്റെ വീട് സ്ഥിതി ചെയ്യുന്ന (4.5 സെന്റ്) സ്ഥലം ഒഴികെയുള്ള 3.6 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നതിന് അനുമതി നല്കുന്ന കാര്യം സർക്കാർ തലത്തിൽ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ രോഗാവസ്ഥ സംബന്ധിച്ചും, ബാങ്ക് വായ്പ സംബന്ധിച്ചും ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. റംലത്ത് W/o. മുഹമ്മദ് ബഷീർ, പുത്തൻകാട്ടിൽ എന്നയാൾക്ക് ടിയാളുടെ ഭർത്താവിന്റെ (ശ്രീ. മുഹമ്മദ് ബഷീർ പുത്തൻകാട്ടിലിന്റെ ) ഉടമസ്ഥതയിലുള്ളതും 2015-16 വർഷത്തെ ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചതുമായ എറിയാട് വില്ലേജിലെ സർവ്വേ നമ്പർ 752/1ൽപ്പെടുന്ന 12 സെന്റ് സ്ഥലത്തിൽ ടിയാളുടെ വീട് സ്ഥിതിചെയ്യുന്ന 4.5 സെന്റ് സ്ഥലം ഒഴികെയുള്ള 3.6 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, എറിയാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ശ്രീ. മുഹമ്മദ് ബഷീർ, സ/ഓ ബീരാൻ, പുത്തൻകാട്ടിൽ വീട്, പി. ഒ എറിയാട്-680666, തൃശ്ശൂർ ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by REENAMMA P A
Date: 2021.01.20 17:07:03 IST
Reason: Approved

സെക്ഷൻ ഓഫീസർ